Std. 5 - Chapter 13 - Revision - Main points

# പാഠം 13: ഇസ്രയേലിലെ നേതാക്കന്മാർ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | (1) ന്യായാധിപന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്നത് ആരാണ്? | ശത്രുക്കളുടെ ആക്രമണത്തിൽ നിന്നു രക്ഷനേടുവാൻ ഇസ്രായേൽക്കാർ തയ്യാറായി നിൽക്കുക ആവശ്യമായി വന്നു. അവർക്കു നേതൃത്വം നൽകുവാൻ കരുത്തും ശക്തിയുമുള്ള നേതാക്കൾ രംഗത്തുവന്നു. ജനത്തെ മുന്നോട്ടു നയിക്കാൻ ആവശ്യമായ പ്രത്യേക വരദാനങ്ങൾ ലഭിച്ച ഇത്തരം നേതാക്കൾ ന്യായാധിപന്മാർ എന്ന പേരിലാണ് അറിയപ്പെടുന്നത്. |
| 2 | ഇസ്രായേലിനെ രണ്ടു നൂറ്റാണ്ടുകാലം ഭരിച്ചത് എത്ര ന്യായാധിപന്മാരാണ്? | 12 |
| 3 | ഇസ്രായേലിലെ പന്ത്രണ്ടു ന്യായാധിപന്മാരിൽ ഒരു ന്യായധിപ ഉണ്ടായിരുന്നു. ആരാണത്? | ദബോറ |
| 4 | ഇസ്രായേലിലെ അവസാനത്തെ ന്യായാധിപൻ ? പ്രവാചകവരം ഉണ്ടായിരുന്ന ന്യായാധിപൻ? | സാമുവൽ |
| 5 | ഇസ്രായേലിലെ ആദ്യത്തെ രാജാവ് ആരാണ്? തന്റെ പിതാവിന്റെ നഷ്ടപ്പെട്ട കഴുതകളെ തിരക്കി പുറപ്പെട്ടതായിരുന്നു അയാൾ. ആര്? | സാവൂൾ |
| 6 | (2) അഭിഷേകം ചെയ്യുക എന്നതിന്റെ അർത്ഥമെന്ത്? | ദൈവസേവനത്തിനായി സമർപ്പിക്കുക |
| 7 | കിന്നരവായനയിൽ സമർത്ഥൻ, ഇസ്രായേലിലെ രണ്ടാമത്തെ രാജാവ്, ശക്തനായ രാജാവ്. ആരാണ്? | ബേത്‌ലഹെംകാരനായ ജസ്സെയുടെ മകൻ ദാവീദ് |
| 8 | ഫിലിസ്ത്യരുടെ മല്ലൻ ഗോലിയാത്തിനെ ഒരു കവണിയും കല്ലും ഉപയോഗിച്ച് എറിഞ്ഞുവീഴ്ത്തി. ഗോലിയാത്തിന്റെ വാളുകൊണ്ടുതന്നെ വധിച്ചു. ആര്? | ദാവീദ് |
| 9 | ഇസ്രായേലിലെ മൂന്നാമത്തെ രാജാവ്, ജ്ഞാനിയായ രാജാവ്, ജറുസലേം ദൈവാലയം പണികഴിപ്പിച്ച രാജാവ്? | സോളമൻ |
| 10 | ഇസ്രായേലിന്റെ സുവർണകാലഘട്ടം ആരുടെ ഭരണകാലമാണ്? | സോളമന്റെ |
| 11 | സോളമൻ ചെയ്ത പാപം ഏത്? | വിഗ്രഹാരാധന |
| 12 | സോളമൻ ദൈവത്തിനെതിരായി പാപം ചെയ്ത തിനാൽ സോളമനുശേഷം ഇസ്രായേൽ രണ്ടു രാജ്യങ്ങളായി രാജ്യം വിഭജിക്കപ്പെട്ടു. അവ ഏതെല്ലാം? | ഇസ്രായേൽ, യൂദയാ |
| 13 | (5) ഇസ്രായേലിലെ രാജാക്കന്മാർ നിയോഗിക്കപ്പെട്ടത് എന്തിന്? | ഇസ്രായേലിലെ രാജാക്കന്മാർ നിയോഗിക്കപ്പെട്ടത് നിയമം നിർമ്മിക്കുവാനല്ല; ദൈവം നൽകിയ നിയമങ്ങൾ നടപ്പിലാക്കാനാണ്. |
| 14 | (3) പുരോഹിതന്മാർക്കുണ്ടായിരുന്ന ഉത്തരവാദിത്വങ്ങൾ ഏവ? | ജനത്തിനുവേണ്ടി കർത്താവിനു ബലിയർപ്പിക്കാനും അവിടുത്തെ നാമത്തിൽ ജനത്തെ ആശീർവദിക്കുവാനുമാണ് പുരോഹിതന്മാർ നിയുക്തരായത്. ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യുക, ദഹനബലിയർപ്പിക്കുക, നിയമം പഠിപ്പിക്കുക എന്നീ മൂന്ന് ഉത്തരവാദിത്വങ്ങളാണ് പുരോഹിതന്മാർക്ക് ഉണ്ടായിരുന്നത്. |
| 15 | എത് ഗോത്രത്തിനാണ് പുരോഹിതസ്ഥാനം കൈവന്നത്? | ലേവീഗോത്രത്തിനാണ് പുരോഹിതസ്ഥാനം കൈവന്നത്. യാക്കോബിന്റെ പന്ത്രണ്ടു മക്കളിൽ ഒരുവനാണ് ലേവി. |
| 16 | സഭയിലെ നേതൃത്വ ശുശ്രൂഷ പ്രവാചകത്വത്തിന്റെയും പൗരോഹിത്യത്തിന്റെയും ഭരണത്തിന്റെയുമായ ധർമ്മങ്ങൾ ഉൾച്ചേരുന്നതാണ്. ഈശോയുടെ ഈ ശുശ്രൂഷ ഇന്ന് ആരിലൂടെ തുടരുന്നു? | മെത്രാന്മാരിലൂടെയും വൈദികരിലൂടെയും ഡീക്കന്മാരിലൂടെയും. |
| 17 | സാർവത്രിക സഭയിൽ നേതൃത്വശുശ്രൂഷ നിർവഹിക്കുന്നത് ആരാണ്? | മാർപാപ്പ |